**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 271** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഔഷധിയിൽ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഔഷധിയിൽ ശമ്പള പരിഷ്കരണം നടപ്പാക്കിയിട്ടുണ്ടോ; അവസാനമായി ശമ്പളപരിഷ്കരണം നടപ്പാക്കിയത് എന്നാണ്; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ഔഷധിയിലെ ജനറൽ വർക്കർ ഒഴികെയുള്ള സ്ഥിരജീവനക്കാരുടെ ശമ്പള പരിഷ്കരണം പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിന് അനുസൃതമായി 08.02.2024 തീയതിയിലെ സ.ഉ.(കൈ) നം.4/2024/AYUSH നമ്പർ ഉത്തരവ് പ്രകാരം 01.07.2019 പ്രാബല്യത്തിലും, ജനറൽ വർക്കർ തസ്തികയിലെ ജീവനക്കാരുമായി ബന്ധപ്പെട്ട ശമ്പളപരിഷ്കരണം 01.01.2022 ലെ സ.ഉ.(കൈ) നം.1/2022/ആയുഷ് നമ്പർ ഉത്തരവ് പ്രകാരം 01.07.2018 പ്രാബല്യത്തിലും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പുതിയ ശമ്പള പരിഷ്കരണത്തിൽ ജനറൽ വർക്കർ തസ്തികയിലെ ജീവനക്കാരെ അവഗണിച്ചതായി പറയപ്പെടുന്നതിലെ വസ്തുത വ്യക്തമാക്കുമോ; | (ബി) | 08.02.2024 തീയതിയിലെ സ.ഉ.(കൈ) നം.4/2024/AYUSH പ്രകാരം ജനറൽ വർക്കർ ഒഴികെയുള്ള ഔഷധിയിലെ ജീവനക്കാരുടെ ശമ്പളമാണ് പരിഷ്കരിച്ചിട്ടുള്ളത്. ജനറൽ വർക്കർമാരുടെ ശമ്പളപരിഷ്കരണം പ്രത്യേകമായാണ് നടപ്പിലാക്കുന്നത്. |
| (സി) | തുച്ഛ വരുമാനക്കാരായ ജനറൽ വർക്കർമാർക്ക് ശമ്പള വർദ്ധനവും അർഹതപ്പെട്ട പ്രമോഷനും നൽകുന്നതിന് നടപടി സ്വീകരിക്കുമോ വ്യക്തമാക്കുമോ? | (സി) | ശമ്പളപരിഷ്കരണ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ